# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 24**

---

## <u>എം.ജി.യു ബിരുദ പ്രവേശനം: സപ്ലിമെന്ററി അലോട്മെന്റ് ജൂലൈ 29 വരെ</u>

*കേരള ഹയർ സെക്കൻഡറി പ്ലസ് ടു സേ പരീക്ഷ വിജയിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാനുള്ള അവസരം ഉറപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയുടെ 2026-27 അധ്യയന വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സപ്ലിമെന്ററി അലോട്മെന്റിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2026 ജൂലൈ 29 വൈകുന്നേരം 5.00 വരെ ദീർഘിപ്പിച്ചു.*

*സപ്ലിമെന്ററി അലോട്മെന്റ് 2026 ജൂലൈ 31-ന് പ്രസിദ്ധീകരിക്കും. അലോട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ 2026 ഓഗസ്റ്റ് 1-നകം ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം പൂർത്തിയാക്കണം.*

*(പി. ആർ. ഒ./685/2026)*

## <u>സ്പോട്ട് അഡ്മിഷൻ</u>

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിൽ എം.എ ജൻഡർ സ്റ്റഡീസ് പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ രേഖകൾ സഹിതം ജൂലൈ 28ന് രാവിലെ 10.30-ന് കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിൻറെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെൻറിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്* sgs@mgu.ac.in *ഫോൺ-9747244873*

.............

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം & ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ 4 സീറ്റ് ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി 27.07.2026 (തിങ്കൾ) രാവിലെ 10.00 മണിക്ക് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ എത്തിച്ചേരുക.*

*94963 22062/*sts@mgu.ac.in

*(പി. ആർ. ഒ./686/2026)*

## <u>പരീക്ഷാഫലം</u>

*നാലാം സെമസ്റ്റർ ആക്ച്യൂരിയൽ സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*നാലാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ് (മെറ്റീരിയൽ സയൻസ്) (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 7 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*മൂന്നാം സെമസ്റ്റർ എംഎ-മ്യൂസിക്-വീണ, വയലിൻ, മൃദംഗം, മദ്ദളം, വോക്കൽ, പെർഫോമിംഗ് ആർട്സ് ചെണ്ട (2024 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർഥികളുടെ സ്പെഷ്യൽ അപ്പിയറൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 5 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*നാലാം സെമസ്റ്റർ എംഎ മലയാളം (പിജിസിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*നാലാം സെമസ്റ്റർ എംഎസ്.സി ഹോം സയൻസ് (ബ്രാഞ്ച്-10) (എ) ചൈൽഡ് ഡെവലപ്പ്മെൻറ് ആൻഡ് (ബ്രാഞ്ച്-10) (ഡി) ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ*

*അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*അഞ്ചാം സെമസ്റ്റർ ബിപിഇഎസ് (നാലുവർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 4 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............

*നാലാം സെമസ്റ്റർ എം.എ ഡെവലപ് മെന്റ് ഇക്കണോമിക്സ് (2024 അഡ്മിഷൻ റഗുലർ/2023, 2022, 2021, 2020 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..................

*നാലാം സെമസ്റ്റർ എം.എ. തമിഴ് പി ജി സി എസ് എസ് (2024 അഡ്മിഷൻ റെഗുലർ /2023,2022,2021,2020 & 2019 അഡ്മിഷൻ റീ അപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി. ആർ. ഒ./686/2026)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്.സി ഫുഡ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30, 31 തീയതികളിലായി അമലഗിരി ബി.കെ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

------------

*രണ്ടാം സെമസ്റ്റർ എംഎസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026ൻറെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 28ന് പത്തനംതിട്ട, സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

.................

*രണ്ടാം സെമസ്റ്റർ എം.എ.(സി.എസ്.എസ് –2025 അഡ്മിഷൻ റെഗുലർ / 2024 അഡ്മിഷൻ ഇപ്രൂവ്മെന്റ്/ 20202024 അഡ്മിഷൻസ് റീ-അപ്പിയറൻസ്/ 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ഡിഗ്രി മെയ് 2026– ന്റെ മ്യൂസിക് വോക്കൽ, കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷകൾ 2026 ഓഗസ്റ്റ് 4 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ്ൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി. ആർ. ഒ./687/2026)*

## <u>പരീക്ഷയ്ക്ക് അപേക്ഷിക്കാം</u>

*ഒന്നാം സെമസ്റ്റർ എം ആർക് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ ഓഗസ്റ്റ് 14 മുതൽ നടക്കും. ഓഗസ്റ്റ് 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 3 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 4 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി. ആർ. ഒ./688/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**